LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർക്ക് സർവ്വേ നമ്പർ അടിസ്ഥാനത്തിൽ തങ്ങളുടെ ഭൂമിയിലെ മണ്ണിനെ സംബന്ധിക്കുന്ന സൂക്ഷ്മതല വിവരങ്ങൾ ജി.ഐ.എസ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുന്നതിനായി മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്). തൃശ്ശൂർ, വയനാട് ജില്ലകളിലെ എല്ലാ പഞ്ചായത്തുകളുടെയും ഫീൽഡ് തല മണ്ണുപര്യവേഷണ പ്രവർത്തനങ്ങളും മണ്ണ് സാമ്പിളുകളുടെ രാസ, ഭൗതിക പരിശോധനകളും പൂർത്തീകരിച്ച് വിവിധ തരത്തിലുള്ള ഭൂപടങ്ങൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കി ഓരോ പഞ്ചായത്തിന്റെയും ഭൂപടങ്ങളും അനുബന്ധ വിവരങ്ങളും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു.

(ബി) ആദ്യഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണുപര്യവേഷണം പൂർത്തീകരിച്ച് ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കിക്കഴിഞ്ഞു. രണ്ടാംഘട്ടമായി ഇടുക്കി, മലപ്പുറം ജില്ലകളുടെ സൂക്ഷ്മതല വിശദ മണ്ണുപര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) മിസ്റ്റിലെ വിവരങ്ങൾ ഓൺലൈനിലൂടെ ഫലപ്രദമായി അപഗ്രഥിച്ച് ഓരോ ഉപയോക്താവിനും ആവശ്യമുള്ള വിവരങ്ങൾ വേർതിരിച്ചെടുക്കാൻ സഹായകമാകുന്ന പരിശീലനം കൃഷി ഭവനിലെ ഉദ്യോഗസ്ഥർക്ക് നൽകുവാനും ഈ പരിശീലനത്തിലൂടെ ഓരോ പഞ്ചായത്തിലേയും കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥർക്ക് ഓരോ കർഷകന്റെയും കൃഷയിടത്തിലെ വിവരങ്ങൾ മിസ്റ്റിൽനിന്നും മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇഞ്ച് ഭൂമിക്കും വേണ്ട ശാസ്ത്രീയമായ പരിപാലന മുറകൾ നടപ്പിലാക്കുന്നതിന് വേണ്ടുന്ന ഉപദേശവും സഹായവും നൽകുവാനും കഴിയും.

ശങ്കരൻകുഴി തോടിന്റെ 84 ലക്ഷം രൂപയുടെ പ്രൊപ്പോസൽ

180 (1596) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കന്തൂർ പഞ്ചായത്തിലെ ശങ്കരൻകുഴി തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിരുന്ന 84 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഇതുവരെ അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) RIDF-XX-ൽ ഉൾപ്പെടുത്തുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പ് മുഖാന്തരം ലഭ്യമാക്കിയ പദ്ധതിക്ക് സെക്രട്ടറിൽ അലോക്കേഷന്റെ അപര്യാപ്തതമൂലം അനുമതി ലഭിച്ചിട്ടില്ല. RIDF-ന്റെ അടുത്ത ഘട്ടത്തിൽ മുൻഗണനാക്രമത്തിൽ പരിഗണിക്കാവുന്നതാണ്.